ശ്രീ. കെ. കൊച്ചുകുട്ടൻ : ഹരിജനങ്ങളായി ഇന്ന് പട്ടികജാതിയിൽപ്പെടുത്തിയിട്ടുള്ളവർ മാത്രമേ ഉൾപ്പെടുകയുള്ളൂ.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : പ്രൈവറ്റ് കോളേജുകളിൽ നിന്നും, ഹരിജനവിദ്യാർത്ഥികളോട് അഡ്മിഷനുവേണ്ടി 50-ം, 75-ം രൂപ വീതം ഡൊണേഷൻ വാങ്ങിക്കുന്നതായി പരാതിയുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പരാതി ലഭിച്ചു. അന്വേഷിച്ചതിൽ അങ്ങനെ ഉണ്ടായിട്ടില്ലെന്നാണ് അറിയാൻ സാധിച്ചതു്.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : പന്തളം എൻ.എസ്സ്. എസ്സ്. കോളേജിൽ, ഇൻറർവ്യൂന് 50 രൂപയും, ബി. എ., ബി. എസ്സ്സി. ക്ലാസുകളിലേയ്ക്ക് 75 രൂപയും വാങ്ങിച്ചതായി പരാതിയുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതുതന്നെയാണ് പറഞ്ഞതു്.

WRITTEN ANSWERS

ബോട്ടുജട്ടികൾ.

* 488. [5] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംക്ഷൻഡ് ജട്ടികളിൽ മാത്രമേ സ്റ്റീസ് ബോട്ടുകൾ അടുപ്പിക്കാവൂ എന്ന നിയമത്തിനു ഗവണ്മെൻറ് അയവുവരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു കാരണമെന്തു് ;

(സി) ലൈസൻസില്ലാത്ത പോർട്ടർമാരെ ബോട്ടുകളിൽനിന്നും ചരക്കിറക്കുവാൻ ഗവണ്മെൻറനുവാദം നൽകിയിട്ടുണ്ടോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല

(സി) ഇല്ല.

സഹകരണസംഘങ്ങൾക്കു് ഗ്രാൻറ്.

* 489. [21] ശ്രീ. ടി. പി. സീതാരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ കൊല്ലം സഹകരണസംഘങ്ങൾക്കു് അതതു് എത്ര സംഖ്യ ഗ്രാൻറായും ലോണായും കൊടുത്തിട്ടുണ്ടു് ;

(ബി) ഈ ഇനത്തിൽ കേന്ദ്രഗവണ്മെൻറിൽനിന്നും എന്തു സഹായധനം ഈ സ്റ്റേറിനു ലഭിച്ചിട്ടുണ്ടു് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) കഴിഞ്ഞ കൊല്ലം കൈത്തറി സഹകരണസംഘങ്ങൾക്കു് രൂപ 2,03,773-4-2 ഗ്രാൻറും, 6,92,005 രൂപ ലോണും, കയർ സഹകരണസംഘങ്ങൾക്കു 1,12,500 രൂപ ഗ്രാൻറും, 9,85,000 രൂപ ലോണും, കൂടിൽവ്യവസായഗ്രാമോദ്ധാരണസഹകരണസംഘങ്ങൾക്കു് 22,650 രൂപ ഗ്രാൻറായും, മറ്റു സഹകരണസംഘങ്ങൾക്കു് 79,775 രൂപ ഗ്രാൻറായും കൊടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly